***No. 003/2009/CL Dated: 25.05.2009*** ***Latin Archdiocese of Trivandrum, Vellayambalam***

# വിജ്ഞാപനം

വന്ദ്യവൈദീകരേ, പ്രിയ മക്കളേ,

ഈ കഴിഞ്ഞ ദിവസങ്ങളിൽ പത്രങ്ങളിലൂടെയും ദൃശ്യമാദ്ധ്യമങ്ങളിലൂടെയും ചെറിയതുറയിൽ നടന്ന സംഘർഷങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നാം കേൾക്കുകയായിരുന്നുവല്ലോ. ചെറിയതുറ, തിരുവനന്തപുരം അതിരൂപതയിലെ ഒരു ഇടവകയാണ്. ആ പ്രദേശത്ത് താമസിക്കുന്നവരിൽ ഭൂരിഭാഗവും നമ്മുടെ രൂപതാംഗങ്ങളാണ്. ഈ പശ്ചാത്തലത്തിൽ തെറ്റിദ്ധാരണകൾ ദുരീകരിക്കുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ഈ വിജ്ഞാപനത്തിലൂടെ ചില വസ്തുതകൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തേണ്ടത് ആവശ്യമാണെന്നു തോന്നുന്നു.

ചെറിയതുറ സംഘർഷത്തിൽ നഷ്ടപ്പെട്ടത് ആറുപേരുടെ വിലപ്പെട്ട ജീവിതങ്ങളായിരുന്നു. അനേകം പേർക്ക് മുറിവുകളേറ്റു; വലിയ നാശനഷ്ടങ്ങളുണ്ടായി. മരണമടഞ്ഞവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നതിനോടൊപ്പം അവരുടെ കുടുംബങ്ങളോട് ആത്മാർത്ഥമായ അനുശോചനവും രേഖപ്പെടുത്താം. സമാധാനപരമായ ഒരന്തരീക്ഷം സൃഷ്ടിക്കാനും നിലനിറുത്താനും നമ്മുടെ കഴിവിന്റെ പരമാവധി സഹകരിക്കാം.

നിർഭാഗ്യവശാൽ ചെറിയതുറ പ്രദേശത്തു താമസിക്കുന്ന ഒരുവനാണ് ഈ സംഘർഷത്തിന് തുടക്കം കുറിച്ചത്. അയാൾ ഈ മാസം 16-ാം തിയതി ബീമാപള്ളി പ്രദേശത്തെ കടകളിൽ ഗുണ്ടാപ്പിരിവിനു ചെന്നതും ബഹളമുണ്ടാക്കിയതും ഒരു യാഥാർത്ഥ്യമാണ്. ഇതറിഞ്ഞ ഉടൻ തന്നെ നാം മുസ്ലീം സമുദായത്തിലെ ഉത്തരവാദിത്വപ്പെട്ടവരുമായി ബന്ധപ്പെടുകയും പോലീസിന്റെ സഹായത്തോടെ സംഘർഷത്തിന് അയവുവരുത്തുകയും ചെയ്തതാണ്. അക്രമികളെ എത്രയും വേഗം കസ്റ്റഡിയിലെടുക്കുവാൻ നാം തന്നെ ആവശ്യപ്പെട്ടു. അതിനുവേണ്ട എല്ലാ ഒത്താശകളും വാഗ്ദാനം ചെയ്തതാണ്. എന്നാൽ തക്കസമയത്ത് അക്രമികളെ കസ്റ്റഡിയിലെടുക്കുന്നതിലും ആവശ്യമായ സുരക്ഷാസന്നാഹങ്ങൾ ഏർപ്പെടുത്തുന്നതിലും പോലീസിന് വീഴ്ചപറ്റിയ കാര്യം അവർ തന്നെ സമ്മതിക്കുന്നുണ്ട്. ഈ സാഹചര്യം മുതലെടുത്തുകൊണ്ട് ഇനിയും അജ്ഞാതരായ ഒരുകൂട്ടം ഭീകരപ്രവർത്തകർ ചെറിയതുറ ഇടവകയെത്തന്നെ ആകമാനം നശിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് ചെയ്തത്. 17-ാം തിയതി ഉച്ചകഴിഞ്ഞ് ഏതാണ്ട് അറുനൂറോളം ഭീകരപ്രവർത്തകർ എല്ലാവിധ ആയുധസന്നാഹങ്ങളോടുംകൂടെ ചെറിയതുറ ഇടവകയിലേയ്ക്ക് ഇരച്ചുകയറുന്ന അവസരത്തിലാണ് ആറുപേർ മരിച്ചുവീഴുകയും അനേകം പേർക്ക് മുറിവുകളേല്ക്കുകയും വസ്തുവകകൾക്ക് നാശനഷ്ടങ്ങളുണ്ടാവുകയും ചെയ്തത്. വികാരി ജനറലച്ചന്റെ നേതൃത്വത്തിലുള്ള നമ്മുടെ വൈദീകരുടെയും ഇടവക പ്രതിനിധികളുടെയും സമയോചിതമായ ഇടപെടലും മുസ്ലീം സമുദായത്തിലെ ഉത്തരവാദിത്വപ്പെട്ടവരുടെ ആത്മാർത്ഥമായ സഹകരണവും പോലീസിന്റെ സാന്നിദ്ധ്യവും നടപടികളും കാരണം ഒരു വലിയ ദുരന്തം ഒഴിവായി എന്നു വേണം കരുതുവാൻ. അതിന്റെ അടുത്ത ദിവസങ്ങളിൽ

എന്നെവന്നുകണ്ട മുസ്ലീം സമുദായത്തിലെ നേതാക്കളും രാഷ്ട്രീയ പ്രവർത്തകരും എന്നോടു സമ്മതിച്ച ഒരു കാര്യമിതാണ്: ഈ സംഘർഷങ്ങളുടെ പിന്നിൽ ചെറിയതുറ ഇടവകക്കാരുടെ ഭാഗത്തുനിന്നും സംഘടിതമായ യാതൊരുവിധ പ്രകോപനമോ ആസൂത്രിതമായ ഗൂഢാലോചനകളോ ഉണ്ടായിട്ടില്ല. അവരെല്ലാം തികച്ചും നിരപരാധികളാണ്. അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള എല്ലാ സഹായങ്ങളും മുസ്ലീം സമുദായത്തിലെ നേതാക്കൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതു വലിയൊരു ദൈവാനുഗ്രഹമായി ഞാൻ കരുതുകയാണ്.

നമുക്ക് ഇനിയും മനസ്സിലാകാത്തത് ഇതാണ്: നമ്മുടെ ഒരു ഇടവകയെ മുഴുവൻ നശിപ്പിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുവാൻ വളരെ വിദഗ്ധമായ രീതിയിൽ പ്രവർത്തിച്ച അദൃശ ശക്തികൾ ആരൊക്കെയാണ്? ചെറിയതുറ ഇടവകക്കാരും ബീമാപള്ളി പ്രദേശത്തെ മുസ്ലീം സഹോദരന്മാരും സ്നേഹത്തോടും സാഹാർദ്ദത്തോടും കൂടികഴിയുന്നവരാണ്. ലോഞ്ചറും, ജലാറ്റിൻ ബോംബും ഉൾപ്പെടെ അഞ്ചുതരം ബോംബുകളാണ് ഈ സംഘർഷം സൃഷ്ടിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്. നൂറോളം ബോംബുകൾ പൊട്ടി. 35 ബോംബ് സ്ഫോടന സ്ഥലങ്ങൾ തിരിച്ചറിഞ്ഞ പോലീസ് പൊട്ടാത്ത 32 ബോംബുകൾ സംഭവസ്ഥലത്തുനിന്നും കണ്ടെടുത്തു. ചുരുങ്ങിയ സമയത്തിനുള്ളിലാണ് ഇത്രയും സ്ഫോടക വസ്തുക്കൾ സംഘടിപ്പിച്ച ശേഷം, വീടുകളും കടകളും തകർക്കുകയും, വള്ളവും വലകളും കത്തിക്കുകയും, ആളുകളെ ആക്രമിക്കുകയും ചെയ്തു കൊണ്ട് ഭീകരസംഘം മുന്നേറിയത്. ആ പ്രദേശത്തു വസിക്കുന്ന രണ്ടു സമുദായത്തിലെയും പാവപ്പെട്ട ആളുകളെക്കൊണ്ട് ഇതൊക്കെ ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഇതിന്റെ പിന്നിൽ അദൃശ്യമായ ചില ശക്തികളുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ അദൃശ്യ ശക്തികളെ എത്രയും വേഗം മറനീക്കി പുറത്തുകൊ ണ്ടു വരാൻ ജുഡീഷ്യൽ അന്വേഷണത്തിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കാം.

ഈ പശ്ചാത്തലത്തിൽ അങ്ങേയറ്റം ജാഗരൂകരായിരിക്കണമെന്ന ഒരു നിർദ്ദേശമാണ് തീരദേശത്തു വസിക്കുന്ന എല്ലാവർക്കും എനിക്ക് നൽകാനുള്ളത്. നിരന്തരമായ ഭീകരപ്രവർത്തനങ്ങൾക്ക് വിധേയമാണ് നമ്മുടെ രാജ്യം. അപ്രതീക്ഷിതമായ ബോംബു സ്ഫോടനങ്ങളും നിരന്തരമായ ആക്രമങ്ങളും കാരണം സുഗമമായി സഞ്ചരിക്കുവാനോ സുരക്ഷിതമായി മടങ്ങിവരാനോ നിവർത്തിയില്ലാതായിരിക്കുന്നു. ഏതാനും മാസങ്ങൾക്കു മുമ്പ് ഈ ഭീകരപ്രവർത്തനങ്ങളുടെ തീവ്രത ബോംബേ നഗരം അക്രമിക്കപ്പെട്ടപ്പോൾ നാം കണ്ടു. കടൽ മാർഗ്ഗമാണല്ലോ ശത്രുക്കൾ നമ്മുടെ നാട്ടിലെത്തിയത്. നമ്മുടെ തീരപ്രദേശങ്ങൾ ഒരു വിധത്തിലും സുരക്ഷിതമല്ല. നിയമവിരുദ്ധമായ ഇടപാടുകൾ നടത്തുകയും അക്രമികളെ സംരക്ഷിക്കുകയും ചെയ്യുന്ന ഒളിത്താവളങ്ങൾ നമ്മുടെ തീരദേശത്ത് പല സ്ഥലങ്ങളിലുമുള്ളതായി കേൾക്കുന്നു. നിയമപാലകർക്ക് കൂടി അപ്രാപ്യമാണ് ഈ പ്രദേശങ്ങളൊക്കെ. വർദ്ധിച്ചുവരുന്ന ക്വട്ടേഷൻ സംഘങ്ങൾക്കും മദ്യ-മയക്കുമരുന്ന് മാഫിയാകൾക്കെതിരെ എല്ലാവരും ജാഗരൂകരായിരിക്കേണ്ട ഒരവസരമാണിത്. ജില്ലാതല ഭരണസംവിധാനങ്ങളും സർക്കാരും മുൻഗണന കൊടുക്കേണ്ട ഒരു മേഘലയാണിതെന്ന് കഴിഞ്ഞ ദിവസങ്ങളിൽ ആഭ്യന്തരമന്ത്രി തന്നെ പറയുകയുണ്ടായി. ഇതിനായി സർക്കാരിന്റെയും വിവിധ സമുദായങ്ങളുടെയും സഹകരണത്തോടെ ഒരു ജനകീയ പദ്ധതി തന്നെ നാം ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഇടവകകളിലെയും ഫൊറോനാകളിലെയും

ഉത്തരവാദിത്വപ്പെട്ടവർ അടിയന്തിരശ്രദ്ധ നൽകേണ്ട ഒരു കാര്യമാണിത്. താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും:

- വിവധ സമുദായങ്ങൾ ഒരുമിച്ച് വസിക്കുന്ന പ്രദേശങ്ങളിൽ സമുദായ സൗഹാർദ്ദം വളർത്താനും, പരസ്പരം ബന്ധപ്പെടാനും സമാധാനാന്തരീക്ഷം നിലനിറുത്താനുമുതകുന്ന സംവിധാനങ്ങളും പരിപാടികളും സംഘടിപ്പിക്കണം. കഴിയുന്നതും എല്ലാ പ്രദേശങ്ങളിലും ശാന്തി സമിതികൾ രൂപീകരിക്കുന്നത് നന്നായിരിക്കും.

- ഏതെങ്കിലും സംഘർഷത്തെക്കുറിച്ച് സൂചനകൾ കിട്ടുമ്പോൾത്തന്നെ ഓരോ സമുദായത്തിലെയും ഉത്തരവാദിത്വപ്പെട്ടവർ തമ്മിൽ ബന്ധപ്പെടുകയും സർക്കാരിന്റെയും പോലീസിന്റെയും സഹായത്തോടെ എത്രയും വേഗം സംഘർഷത്തിന് അയവു വരുത്താൻ ശ്രമിക്കുകയും ചെയ്യണം.

- സംഘർഷാവസരത്തിൽ വികാരങ്ങളാൽ പ്രേരിതരായി എടുത്തുചാടി എന്തും ചെയ്യാൻ തുനിയാതെ അങ്ങേയറ്റം ആത്മസംയംമനം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം.

- മറ്റുള്ളവർ നമുക്കുനേരെ അക്രമങ്ങൾ അഴിച്ചുവിടുമ്പോൾ നമ്മെയും നമ്മുടെ വസ്തുവകകളെയും സംരക്ഷിക്കുവാൻ നാം അങ്ങേയറ്റം ശ്രമിക്കണം. അതേസമയം തന്നെ വികാരങ്ങളാൽ പ്രകോപിതരായി പ്രതികാരമനോഭാവത്തോടെ മറ്റുള്ളവരെ അക്രമിക്കുവാനും അവരുടെ വസ്തുവകകൾ നശിപ്പിക്കുവാനും നാം ശ്രമിക്കരുത്. ഏതാനും പേരുടെ ഇത്തരം വികാരപ്രകടനങ്ങൾക്ക് സമൂഹം മുഴുവനും പിന്നീട് വലിയ വിലകൊടുക്കേണ്ടിവരും. ഇതുകൊണ്ടാണ് വർഷങ്ങൾക്ക് ശേഷവും ഇന്നും പല ഇടവകകളിലെയും കേസുകൾ തീരാതെ കിടക്കുന്നത്.

- അക്രമികളെയും ബലപ്രയോഗത്തിനു തുനിയുന്നവരെയും ഒറ്റപ്പെടുത്താനും നിയന്ത്രിക്കാനും അവർക്കെതിരായി നിയമപരമായ നടപടികളെടുക്കാനും അതത് സമുദായങ്ങളിലുള്ളവർ തന്നെ മുൻകൈ എടുക്കണം.

- അക്രമങ്ങൾക്ക് തുനിയുന്നവരെ അവർ ഏതെങ്കിലുമൊരു സമുദായത്തിൽപ്പെട്ടതു കൊണ്ടു മാത്രം സംരക്ഷിക്കുവാനും അന്യായമായ അവരുടെ വ്യവഹാരങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാനും ഒരു സമുദായവും കൂട്ടുനിൽക്കരുത്.

- നമ്മുടെ തീരപ്രദേശങ്ങളിൽ വ്യാപിച്ചു കൊണ്ടിരിക്കുന്ന ഭീകരപ്രവർത്തകരുടെയും മദ്യ-മയക്കുമരുന്നു മാഫിയകളുടെയും ഒളിത്താവളങ്ങൾ കണ്ടുപിടിക്കാനും, അവയെക്കുറിച്ചുള്ള വിവരങ്ങൾ ഉത്തരവാദിത്വപ്പെട്ടവർക്ക് നൽകാനും സർക്കാരിന്റെയും നിയമപാലകരുടെയും സഹായത്തോടെ അവയെ ഇല്ലാതാക്കാനും നാം അങ്ങേയറ്റം ജാഗരൂകരായിരിക്കണം.

ബോംബെയിൽ സംഭവിച്ചത്, ചെറിയതുറയിൽ സംഭവിക്കാമായിരുന്നത്, നമുക്ക് സംഭവിക്കുകയില്ല എന്ന് നാമാരും കരുതരുത്. വേണ്ടത്ര മുൻകരുതലുകളെടുത്താൽ പിന്നീട് വിലപിക്കേണ്ടിവരികയില്ല. ഇത്തരം സംരംഭങ്ങൾക്ക് ഒരിക്കലും വർഗ്ഗീയതയുടെയും വിഭാഗീകതയുടെയും നിറം കൊടുക്കാതെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ സമാധാനപരമായ ഒരന്തരീക്ഷം നമ്മുടെ സമൂഹങ്ങളിൽ നിലനിറുത്താൻ നമുക്ക് അങ്ങേയറ്റം പരിശ്രമിക്കാം. അതിനുള്ള വെളിച്ചവും അനുഗ്രഹാശ്ശിസ്സുകളും ദൈവം സമൃദ്ധമായി നമുക്ക് നൽകട്ടെ.

സ്നേഹത്തോടെ,

വെള്ളയമ്പലം — † സൂസപാക്യം എം

25.05.2009 — തിരുവനന്തപുരം മെത്രാപ്പോലീത്ത

---

PS: ഒരു വിധത്തിലുമുള്ള വർഗ്ഗീയ വികാരങ്ങളും പ്രോത്സാഹിപ്പിക്കാതെ ഉചിതമായ രീതിയിൽ വികാരിയച്ചന്മാർ ഈ വിജ്ഞാപനത്തിലെ ഉള്ളടക്കം ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.